സ്റ്റാഫിലെ ആറംഗങ്ങളുടെ പേരിൽ സമരം നടത്തി ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു പറഞ്ഞ് ഡിസിപ്ലിനറി ആക്ഷൻ ഇനിഷ്യേറ്റീവ് ചെയ്തിട്ടുണ്ട്. അവിടത്തെ പ്രവർത്തനം വളരെ ത്വരിത ഗതിയിൽ നടക്കുന്നുവെന്നുള്ളതിന് ഒരു തെളിവ് 1984-ൽ തുടങ്ങിയ എൻകയറി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല എന്നുള്ളതാണ്. അതുപോലെതന്നെ മറ്റു കാര്യങ്ങളിലൊക്കെയുള്ള വീഴ്ചകളും പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. പി. എസ്. സി. നടത്തുന്ന നിയമനം ബോർഡിനു കൊടുക്കാൻവേണ്ടി ഗവൺമെന്റ് ആലോചിക്കുന്നുവെന്ന് പറയുന്നതിൽ ഒരു ശതമാനംപോലും സത്യമില്ല. ഗവൺമെന്റിനു ആലോചിക്കാൻ അധികാരമില്ലാത്തതു കൊണ്ടല്ല. ഈ ഗവൺമെന്റ് അങ്ങനെയൊരു ആലോചനയേ നടത്തിയിട്ടില്ല, അങ്ങനെ നടത്തുന്ന പ്രശ്നവുമില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ ഡയറക്ടറെക്കുറിച്ചുള്ള കാര്യങ്ങളും ഉംപ്പെടെയുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധയുണ്ട്. അടുത്തുതന്നെ അതിന്റെ ബോർഡ് വിളിച്ചുകൂട്ടി ആ കാര്യങ്ങളും പരിശോധിക്കുന്നതാണ്.

(9) ഫെറി തൊഴിലാളികളുടെ പെൻഷൻ പ്രായം

ശ്രീ. എ. വി. താമരാക്ഷൻ: സർ, നമ്മുടെ സംസ്ഥാന സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 60 വയസ്സുവരെ ജോലിയിൽ തുടരാനുള്ള അവകാശമുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പള സ്കെയിലും മറ്റെല്ലാ ആനുകൂല്യങ്ങളും പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിലെ ഫെറി വർക്കേഴ്സിനും ബാധകമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ലിയു.ഡി. യിലെ ഫെറി വർക്കേഴ്സിന് 60 വയസ്സുവരെ ജോലിയിൽ തുടരാനുള്ള അവകാശമുണ്ടായിരുന്നു. ഈ അടുത്ത കാലത്തു സംസ്ഥാന ഗവൺമെന്റു പുറപ്പെടുവിച്ച ഒരു ഉത്തരവിൻ പ്രകാരം 55 വയസ്സു കഴിഞ്ഞ എല്ലാ ഫെറി വർക്കേഴ്സിനേയും സർവ്വീസിൽനിന്നും പിരിച്ചു വിടണമെന്ന് പറഞ്ഞിരിക്കുന്നു. എന്നു മാത്രമല്ല 55 വയസ്സു കഴിഞ്ഞതിനുശേഷം അവർ ജോലി ചെയ്ത കാലയളവിലെ മുഴുവൻ ശമ്പളവും അവരുടെ ഗ്രാറ്റുവിറ്റിയിൽനിന്ന് തിരിച്ചു പിടിക്കണമെന്നും ഓർഡറിൽ പറഞ്ഞിട്ടുണ്ട്. 59 വയസ്സായി ഇപ്പോൾ പിരിച്ചു വിടലിന് വിധേയമായ ഒരു തൊഴിലാളി 35000 രൂപയോളം നാലു വർഷക്കാലം ജോലി ചെയ്ത കാശുപോലും ഗ്രാറ്റുവിറ്റിയിൽനിന്നും തിരിച്ചു പിടിക്കാനുള്ള ഉത്തരവാണ് ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. ബഹുമാന്യനായ പൊതുമരാമത്തുവകുപ്പുമന്ത്രിയുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി മുഖ്യമന്ത്രി ഈ കാലമത്രയും ഫെറി വർക്കേഴ്സ് അനുഭവിച്ചിരുന്ന 60 വയസ്സുവരെ ജോലി ചെയ്യുന്നതിനുള്ള അവകാശം, അത് നിലനിർത്തിക്കൊണ്ടുള്ള ഒരു നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഫെറി വർക്കേഴ്സ് ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് അല്ല. ഗവൺമെന്റിന്റെ വ്യക്തമായ നിയമപ്രകാരം അവർ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് അല്ലായെന്ന നിയമം നിലവിലുണ്ട്. ആ നിലയിൽ അവർക്ക് 60 വയസ്സുവരെ സർവ്വീസിൽ തുടരാനുള്ള അവകാശമില്ല. മുമ്പ് അവരോട് ഓപ്ഷൻ ചോദിച്ചിരുന്നു. ചിലർ 55-ൽ പിരിയാനും ചിലർ 60 വരെ തുടരാനുമാണ് ഓപ്ഷൻ നൽകിയത്. അങ്ങനെയുള്ളവർക്ക് മാത്രമേ 60 വരെ

LIBRARY ARCHIVES Kerala Legislative Assembly

തുടരാൻ സാദ്ധ്യമാകുകയുള്ളു. ഈ കാര്യം മനസ്സിലാക്കാതെ ചില എക്സിക്യൂട്ടീവ് എൻജിനീയർമാർ അവരെ 60 വയസ്സുവരെ തുടരാൻ സമ്മതിച്ചു. അത് ശരിയാണ്. ആ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു നടപടി എടുക്കണമെന്ന് ഗവൺമെന്റ് ആലോചിക്കുകയാണ്. അതേ സമയം ഇവർക്ക് ഇന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടിനെ സംബന്ധിച്ചും തീർച്ചയായും പരിഗണിക്കണം എന്നാണ് എന്റെ അഭിപ്രായം. എന്നാൽ ലാസ്റ്റ് ഗ്രേഡ് അല്ലാത്ത ഈ വിഭാഗം ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തിരുന്നു. ഹൈക്കോടതിയും അവർ ലാസ്റ്റ് ഗ്രേഡ് അല്ലായെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ ലാസ്റ്റ് ഗ്രേഡ് അല്ലാത്തതുകൊണ്ട് ലാസ്റ്റ് ഗ്രേഡിനു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് അവർക്ക് ഇന്ന് അർഹതയില്ലാതായിരിക്കുകയാണ്.

(10) വടക്കേക്കര ആളന്തുരുത്ത് ഗവൺമെന്റ് ഡിസ്പെൻസറി

ശ്രീ. ടി. കെ. അബ്ദു: സർ. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചിറ്റാട്ടുകര പഞ്ചായത്തിൽപ്പെട്ട ആളന്തുരുത്ത് ഗവൺമെന്റ് ഡിസ്പെൻസറിക്ക് 68 സെന്റ് സ്ഥലം നാട്ടുകാർ സംഭാവന ചെയ്തതാണ്. എൻ. ആർ. ഇ. പി: യിൽ ഉൾപ്പെടുത്തി 1983-ൽ ബഹു: മുഖ്യമന്ത്രി അതിനു തറക്കല്ലിട്ടു. അനുവദിച്ച ആ കെട്ടിടത്തിന്റെ തുക നാട്ടുകാർ പിരിച്ച് ഒരു വലിയ കെട്ടിടം നിർമ്മിച്ച് ഡസ്പെൻസറി എന്നുള്ളതുമാറ്റി ആശുപത്രിയാക്കിക്കൊണ്ട് ഗവൺമെന്റിന്റെ നാലുവർഷക്കാലത്തെ നേട്ടങ്ങളുടെ പട്ടികയിൽ പെടുത്തിക്കൊണ്ട് മേയ് മാസം 29-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ മുഖ്യമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ എറണാകുളം ജില്ലാ കലക്ടറാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. മുഖ്യമന്ത്രി വരുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് നാട്ടുകാർ ആറായിരത്തോളം രൂപ സ്വീകരണത്തിനും മറ്റുമായി ചെലവഴിച്ചു. ആശുപത്രി 29-ാം തീയതി ഉദ്ഘാടനം ചെയ്യുമെന്നറിയിച്ചപ്പോൾ ഡിപ്പാർട്ടുമെന്റിൽനിന്നും ഒന്നുംതന്നെ സംഭാവന ചെയ്യാൻ കഴിയുകയില്ലായെന്ന് 24-ാം തീയതി അറിയിക്കുകയുണ്ടായി. 12,000 രൂപയോളം പിരിച്ച് 24 കട്ടിലുകൾ നാട്ടുകാർ സംഭാവന ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റിയും വാട്ടർ സപ്ലൈയുമെല്ലാം ശരിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കണക്ഷൻ കിട്ടിയിട്ടില്ല. ഈ 29-ാം തീയതിക്കുശേഷം ആ ആശുപത്രി അനാഥമായിട്ട് കിടക്കുകയാണ്. ഞാൻ താമസിക്കുന്ന വാർഡിലാണ് ആശുപത്രി എന്നുള്ളതുകൊണ്ട് അവിടെ ചെന്നു നോക്കിയപ്പോൾ അതിനകത്തെല്ലാം അനാഥമായി അലഞ്ഞു തിരിയുന്ന പട്ടികൾ കേറി കിടക്കുന്നതാണ് കണ്ടത്. ബനിഫിഷറി കമ്മിറ്റി ഇങ്ങനെയൊരു ആശുപത്രി പണിതു എന്നുള്ളതുകൊണ്ടാണോ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള അവഗണനയുണ്ടായത്? ഇതിന്റെ അടുത്ത് ഒരു ഡിസ്പെൻസറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവരെങ്കിലും അത് അങ്ങോട്ട് മാറിയിരുന്നുവെങ്കിൽ ഞങ്ങൾക്ക് ഈ ബാദ്ധ്യതയിൽനിന്നും രക്ഷപ്പെടാമായിരുന്നു ആശുപത്രിയുടെ പ്രവർത്തനത്തിനുവേണ്ടി പ്രവർത്തിക്കുന്ന വികസന കമ്മിറ്റി അവിടെ പേവാർഡ് പണിയുന്നതിനുവേണ്ടിയുള്ള എല്ലാ ഒരുക്കങ്ങളും നടത്തുകയാണ്. 68 സെന്റ് സ്ഥലം കാത്തു സൂക്ഷിക്കാൻ ബുദ്ധിമുട്ടാണ്. ആശുപത്രിക്ക് ഒരു കോമ്പൗണ്ട് വാൾ നിർമ്മിച്ച്

LIBRARY ARCHIVES Kerala Legislative Assembly